**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് - ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കം വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 49,95,000/-രൂപ (നാൽപ്പത്തിഒൻപതുലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 308/2014/തസ്വഭവ                    തിരുവനന്തപുരം, തീയതി : 01/02/2014.

---

പരാമർശം:- (1) സ.ഉ. (എം.എസ്) നം.147/2009/തസ്വഭവ തീയതി : 29.07.2009.

(2) കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 29.08.2013-ലെ **IX**-ാം നമ്പർ തീരുമാനം

(3) കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 09.12.2013-ലെ എ 1.108/11-12 നമ്പർ കത്ത്

(4) കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 22.09.2012-ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/308/2012 നമ്പർ കത്ത്

(5) പഞ്ചായത്ത് ഡയറക്ടറുടെ 30.10.2013-ലെ എഫ്3-34837/13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കടയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കം വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 49,95,000/-രൂപ (നാൽപ്പത്തിഒൻപതു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം മൂന്ന് (3) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം അഞ്ച് (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുന്നതിനുള്ള സമ്മതപത്രം പരാമർശം നാല് (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കം വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിനായി കടയ്ക്കൽ വില്ലേജിലെ റീസർവ്വെ ബ്ലോക്ക് നമ്പർ.49-ൽ സർവ്വെ നമ്പർ. 53/11-ൽ 5.75 ആർ, 53/12-ൽ 10.15 ആർ, 53/13-ൽ 8.60 ആർ, 53/14 ൽ 43 സ്ക്വയർ മീറ്റർ, 53/15-ൽ 3.80 ആർ, 53/16-ൽ 11.25 ആർ, 53.17-ൽ 11.40 ആർ എന്നീ വസ്തുക്കൾ ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം ഒന്ന് (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 49,95,000/-രൂപ (നാൽപ്പത്തിഒൻപതു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കടയ്ക്കൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സി.വത്സല**

*ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി*

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കടയ്ക്കൽ ഗ്രാമ പഞ്ചായത്ത്, കൊല്ലം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ